**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 834** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>വന്യജീവി ആക്രമണവും പരിഹാരവും</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പാറക്കൽ അബ്ദുല്ല

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

**(എ)** വന്യജീവി ആക്രമണം മൂലമുണ്ടാകുന്ന ജീവഹാനിക്കും കൃഷിനാശത്തിനുമുള്ള നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ;

**<u>മറുപടി:</u>** കാർഷിക വിളകൾക്കുണ്ടാകുന്ന നഷ്ടപരിഹാരം അവസാനമായി പരിഷ്കരിച്ചത് 2015 ലാണ്. ആയത് 100% വർധിപ്പിക്കുന്നതിനും, അതോടൊപ്പം മരണമടയുന്നവരുടെ ആശ്രിതർക്കുള്ള ധനസഹായം 25% വർധിപ്പിക്കുന്നതിനും തത്വത്തിൽ തീരുമാനം കൈകൊണ്ടിട്ടുള്ളതാണ്.

**(ബി)** വന്യജീവി പ്രശ്നത്തിന് പരിഹാരം കാണുന്നതിനായി വനം വകുപ്പിന് പുറമെ കൃഷി, റവന്യൂ വകുപ്പുകളുടെ സംയോജിത ഇടപെടൽ ആവശ്യമാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ ആയതിനായി എന്തൊക്കെ നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്നുള്ള വിശദാംശങ്ങൾ നൽകുമോ;

**<u>മറുപടി:</u>** മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി കൃഷി , മൃഗസംരക്ഷണം, റവന്യൂ, പോലീസ്, ആരോഗ്യം എന്നീ വകുപ്പുക ളുടെ ജില്ലാതല ഉദ്യോഗസ്ഥരും ജനപ്രതിനിധികളും അംഗങ്ങളായും, ' നിയമസഭാ മണ്ഡലതല മനുഷ്യ-വന്യജീവി സഹജീവന നിർദ്ദേശക സമിതി' സംസ്ഥാനത്തെ വനാതിർത്തി പങ്കിടുന്ന ഓരോ നിയമസഭാ മണ്ഡലത്തിലും രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

**(സി)** നിലവിലുള്ള സർക്കാർ അധികാരമേറ്റ ശേഷം വന്യജീവി ആക്രമണം തടയുന്നതിനായി ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** നിലവിലുള്ള സർക്കാർ അധികാരമേറ്റ ശേഷം വന്യജീവി ആക്രമണം തടയുന്നതിനായി ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ അനുബന്ധമായി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

- സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദവും കാര്യക്ഷമവുമാക്കുന്നതിന് കാസർഗോഡ്, കണ്ണൂർ-ആറളം, വയനാട്, കോഴിക്കോട്, നിലമ്പൂർ, മണ്ണാർക്കാട്, പാലക്കാട്, തൃശ്ശൂർ-പീച്ചി, വാഴച്ചാൽ-ചാലക്കുടി, മലയാറ്റൂർ, മൂന്നാർ-മാങ്കുളം, പെരിയാർ-റാന്നി, കോന്നി-തെന്മല, അഗസ്ത്യമല-തിരുവനന്തപുരം എന്നിങ്ങനെ 14 ലാൻഡ്സ്കേപ്പുകളായി തിരിച്ച് ഓരോ ലാൻഡ്സ്കേപ്പിനും അനുയോജ്യമായി കണ്ടെയ്ൻമെന്റ്, മിറ്റിഗേഷൻ, കോമ്പൻസേഷൻ ഫ്രെയിംവർക്കിൽ (Containment, Mitigation, Compensation - CMC Framework) ഊന്നിയുള്ള ത്രിതല പ്രവർത്തനങ്ങളാണ് സ്വീകരിച്ചുവരുന്നത്.
- 'നിയമസഭാ മണ്ഡലതല മനുഷ്യ-വന്യജീവി സഹജീവന നിർദ്ദേശക സമിതി' 21/09/2026 ലെ സ.ഉ. (സാധാ) നം. 394/2026/വനം പ്രകാരം രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. സമിതി'യിൽ മണ്ഡലത്തെ പ്രതിനിധാനം ചെയ്യുന്ന ബഹു. നിയമസഭാംഗം അദ്ധ്യക്ഷനായിരിക്കും. ബന്ധപ്പെട്ട പാർലമെന്റംഗം സമിതിയുടെ സ്ഥിരം ക്ഷണിതാവും, ജില്ലാ പഞ്ചായത്ത് അംഗം, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, നിയോജക മണ്ഡലത്തിലെ എല്ലാ മുനിസിപ്പാലിറ്റി / പഞ്ചായത്ത് അദ്ധ്യക്ഷന്മാർ, ജിലലാ കളക്ടറുടെ നോമിനി, ജില്ലാ പോലീസ് മേധാവി / ഡി.വൈ.എസ്.പി., ജില്ലാ മൃഗസംരക്ഷണ വകുപ്പ് ഓഫീസർ, ജില്ലാ കൃഷി ഓഫീസർ, ജില്ലാ മെഡിക്കൽ ഓഫീസറുടെ നോമിനി, തഹസീൽദാർ എന്നിവർ അംഗങ്ങളുമാണ്. നിയമസഭാ മണ്ഡലത്തിലെ ഏറ്റവും കൂടുതൽ വനവിസ്തൃതി വരുന്ന ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ വൈൽഡ്ലൈഫ് വാർഡനോ സമിതിയുടെ കൺവീനർ ആയിരിക്കും.
- ആധുനിക സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ AI ക്യാമറാ ട്രാപ്പുകൾ, റിയൽ ടൈം വന്യജീവി മുന്നറിയിപ്പ് സംവിധാനങ്ങൾ, ഡ്രോൺ സ്ക്വാഡുകൾ എന്നിവ പ്രവർത്തനം ആരംഭിച്ചു. വനം വകുപ്പിന്റെ സേവനങ്ങൾ ഏകോപിപ്പിച്ച് SARPA, WhatsApp അധിഷ്ഠിത AI ചാറ്റ്ബോട്ട് സേവനങ്ങൾ (30.09.2026-ൽ ഉദ്ഘാടനം ചെയ്തത്), "നമ്മുടെ കേരളം" ആപ്പ് എന്നിവ പൊതുജനങ്ങൾക്കായി സജ്ജമാക്കി.

- നിലവിലുള്ള 2000 കി.മീ വേലികളുടെ അറ്റകുറ്റപ്പണികളുടെ ഭാഗമായി 2000 കി.മീ സൗരോർജ്ജ വേലികളുടെ നിർമ്മാണവും അറ്റകുറ്റപ്പണിയും പൂർത്തിയാക്കി കഴിഞ്ഞു.
- കാട്ടാനകളുടെ സാന്നിധ്യം കൂടുതലായി അനുഭവപ്പെടുന്ന മേഖലകളിൽ RRT, PRT സേനകൾക്ക് പുറമെ പ്രാദേശിക ജനങ്ങളിൽ നിന്നും തദ്ദേശീയ ഗോത്രവർഗ്ഗ മേഖലകളിൽ നിന്നും തെരഞ്ഞെടുത്ത 500 പേരെ ഉൾപ്പെടുത്തി 100 സ്പെഷ്യൽ റിസർവ് ഫോഴ്സ് (SRF) യൂണിറ്റുകൾ രൂപീകരിച്ചു. (തൃശ്ശൂർ, ചാലക്കുടി, വാഴച്ചാൽ, മലയാറ്റൂർ, റാന്നി, കോന്നി, പുനലൂർ, തെന്മല, അച്ചൻകോവിൽ, തിരുവനന്തപുരം ഡിവിഷനുകളിൽ).
- സംഘർഷ സാധ്യത കൂടിയ മേഖലകളിൽ 25 പുതിയ റാപ്പിഡ് റെസ്പോൺസ് ടീമുകൾ (RRT) രൂപീകരിച്ചു.
- കുരങ്ങ്, മയിൽ തുടങ്ങിയ ജീവികളുടെ ശല്യം തടയുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തലത്തിൽ PRT-കൾ രൂപീകരിച്ച് പരിശീലനം നൽകിവരുന്നു.
- നഗര മേഖലകളിലെ സംഘർഷ ലഘൂകരണത്തിനായി മെട്രോ റെസ്പോൺസ് ടീം (MRT) -നെ നിയോഗിച്ചിട്ടുണ്ട്.
- തദ്ദേശ സ്വയംഭരണ സ്ഥാപന തലങ്ങളിൽ ഏകോപനത്തിനായി ഫോറസ്റ്റ് ലൈസൺ ഓഫീസർമാരെ (FLO) നിയമിക്കുകയും ജനജാഗ്രതാ സമിതികൾ പുനഃസംഘടിപ്പിച്ച് ശക്തിപ്പെടുത്തുകയും ചെയ്തു.
- വന്യജീവികൾ കാടിറങ്ങുന്നത് തടയാൻ കാട്ടിനുള്ളിലെ കുടിവെള്ള ലഭ്യതയും തീറ്റയും ഉറപ്പാക്കുന്നു.
- മൂന്നാർ, വയനാട്, പുനലൂർ, മറയൂർ മേഖലകളിൽ നിന്ന് മഞ്ഞക്കൊന്ന (Senna spectabilis), അക്കേഷ്യ (Acacia), ലന്റാന (Lantana), ബ്ലാക്ക് വാട്ടിൽ (Black Wattle) തുടങ്ങിയ അധിനിവേശ സസ്യങ്ങൾ നീക്കം ചെയ്ത് വനാന്തരീക്ഷം

സ്വാഭാവിക നിലയിലേക്ക് മാറ്റിവരുന്നു.

- വന്യജീവികളുടെ വാഹകശേഷി നിർണ്ണയം സർക്കാരിന്റെ മുൻഗണനാ പരിപാടികളിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. ദേശീയ തലത്തിൽ പ്രാഗത്ഭ്യമുള്ള ശാസ്ത്ര സ്ഥാപനത്തിന്റെ സഹായത്തോടെ കേരളത്തിലെ കാടുകളിലെ വന്യജീവി സംബന്ധമായ വാഹകശേഷി പഠനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കും എന്നത് സർക്കാരിന്റെ 100 ദിന കർമ്മപരിപാടികളിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. ഇതിലേക്കായി വൈൽഡ്ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയുടെ മനുഷ്യ-വന്യജീവി സംഘർഷ പഠനങ്ങൾക്കായുള്ള സെന്റർ ഓഫ് എക്സലൻസ് (Centre of Excellence on Human-Wildlife Conflict) ആയ കോയമ്പത്തൂരിലെ WII-SACON എന്ന സ്ഥാപനത്തെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.
- പ്രസ്തുത പഠനത്തിൻറെ രൂപരേഖ, ഫീൽഡ് പ്രോട്ടോക്കോൾ, സാമ്പിളിംഗ് രീതി, ഡാറ്റ ശേഖരണം എന്നിവ നിശ്ചയിക്കുന്നതിനായി 06.08.2026-ന് പാലക്കാട് വെച്ച് വനം സർക്കിൾ മേധാവികൾ, DFO-മാർ, വന്യജീവി ഉദ്യോഗസ്ഥർ, WII ശാസ്ത്രജ്ഞർ എന്നിവരെ പങ്കെടുപ്പിച്ച് ഉന്നതതല ആലോചനാ യോഗവും പ്രാരംഭ ശിൽപ്പശാലയും സംഘടിപ്പിച്ചു.
- കാട്ടിനുള്ളിലെ ഇരകളുടെയും (Prey base) കുടിവെള്ളത്തിന്റെയും ലഭ്യത, കാലാനുസൃത മാറ്റങ്ങൾ, വനാതിർത്തികളിലെ ഭൗമ-മാറ്റങ്ങൾ എന്നിവ ഉപഗ്രഹ വിവരങ്ങളും ജിയോസ്പേഷ്യൽ എക്കോളജിക്കൽ ഡാറ്റയും ഉപയോഗിച്ച് പ്രസ്തുത പഠനം ശാസ്ത്രീയമായി വിലയിരുത്തും.